നടപടികൾ വ്യാപിപ്പിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഓരോ ലക്ഷം രൂപ വീതം നൽകുവാനും തീരുമാനമായി. കൊതുകുജന്യരോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് കൊതുക് നശീകരണത്തിനായി കീടനാശിനി തളിക്കൽ, കൂത്താടി ഭോജി മൽസ്യങ്ങളെ ജലശേഖരങ്ങളിൽ നിക്ഷേപിക്കൽ, ഫോഗിംഗ് മുതലായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ, നോട്ടീസ് വിതരണം, ദൃശ്യശ്രവ്യ മാദ്ധ്യമങ്ങളിലൂടെയും പത്ര മാധ്യമങ്ങളിലൂടെയും വിവിധ തരത്തിലുള്ള ബോധവൽക്കരണ-ആരോഗ്യ-വിദ്യാഭ്യാസ ക്ലാസ്സുകൾ, ചർച്ചകൾ ഇവയും നടത്തിവരുന്നു.

(ബി) സെൻട്രൽ ഹെൽത്ത് സെക്ടർ പ്രോഗ്രാം അനുസരിച്ച് ഇതിനായി ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഒൻപതു കോടി അൻപത്തിഒൻപതുലക്ഷം രൂപയുടെ ഐ. ഡി. എസ്. പ്രോഗ്രാമിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായി ഒരു കോടി അൻപത്തിയാറുലക്ഷത്തി എഴുപത്തേഴായിരത്തി ഇരുന്നൂറ്റിയൻപത് രൂപ ഈ സാമ്പത്തിക വർഷം കേരള സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ നടപ്പിലാക്കിവരുന്നു.

(സി) ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ പകർച്ച വ്യാധികൾ തടയുന്നതിലേക്കായി കീടനാശിനികൾ, മരുന്ന് രോഗനിർണ്ണയത്തിനായുള്ള കിറ്റുകൾ എന്നിവ മഴക്കാലത്തിന് മുൻപ് തന്നെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോടാവശ്യപ്പെട്ടിരുന്നു.

(ഡി) കീടനാശിനികൾ, മരുന്ന്, മുതലായവ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഇ) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടുകൂടി മന്തുരോഗ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കിവരുന്നുണ്ട്. 2004-2005 വർഷം ഒരു കോടി അഞ്ച് ലക്ഷം രൂപ സമൂഹ മന്തു രോഗ നിർമ്മാർജ്ജന പരിപാടിക്കായി കേരള സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം റൗണ്ട് പൂർത്തിയാക്കിക്കഴിഞ്ഞു.

ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കൽ

*11 [254] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ജനസേവന കേന്ദ്രങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനമാണ് ലഭിക്കുന്നതെന്നറിയിക്കാമോ;

(സി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവയുടെ പ്രവർത്തനം വിജയകരമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പഞ്ചായത്ത് തലങ്ങളിലേക്ക് ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി)*:

(എ) 65 ജനസേവന കേന്ദ്രങ്ങൾ.

(ബി) (i) ജനന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം---65 കേന്ദ്രങ്ങളിൽ

(ii) മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം---65 കേന്ദ്രങ്ങളിൽ

(iii) വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം---65 കേന്ദ്രങ്ങളിൽ

(iv) നിർജ്ജീവ ജനന (Still Birth) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം---65 കേന്ദ്രങ്ങളിൽ

(v) റവന്യൂ കളക്ഷനുള്ള സൗകര്യം---8 കേന്ദ്രങ്ങളിൽ

(vi) സാമൂഹ്യക്ഷേമ പെൻഷനുകളുടേയും മറ്റു ആനുകൂല്യങ്ങളുടെയും വിതരണം---2 കേന്ദ്രങ്ങളിൽ

(vii) ഓണർഷിപ്പ് സർട്ടിഫിക്കറ്റ് വിതരണം---1 കേന്ദ്രത്തിൽ

(viii) ഓക്കുപെൻസി സർട്ടിഫിക്കറ്റ് വിതരണം---1 കേന്ദ്രത്തിൽ

(ix) റെസിഡൻസി സർട്ടിഫിക്കറ്റ് വിതരണം---1 കേന്ദ്രത്തിൽ

(x) ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വിതരണം---1 കേന്ദ്രത്തിൽ

(xi) ബർത്ത് ഓർഡർ സർട്ടിഫിക്കറ്റ് വിതരണം---1 കേന്ദ്രത്തിൽ

(xii) നോൺ അവയിലിബിലിറ്റി ഓഫ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വിതരണം---1 കേന്ദ്രത്തിൽ

(xiii) ബി. പി. എൽ. സർട്ടിഫിക്കറ്റ് വിതരണം 1 കേന്ദ്രത്തിൽ

(xiv) നോൺ ഇലക്ട്രിഫൈഡ് ഹൗസ്ഹോൾഡ് സർട്ടിഫിക്കറ്റ് വിതരണം---1 കേന്ദ്രത്തിൽ

(xv) ജീവനക്കാരുടെ ശമ്പള വിതരണത്തിനുള്ള ബിൽസ് തയ്യാറാക്കൽ---56 കേന്ദ്രങ്ങളിൽ

(സി) & (ഡി) 2004 ഡിസംബർ മാസം മുതൽ ഓരോ മാസവും കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ഗവൺമെന്റ് സെക്രട്ടറി തലത്തിൽ വിലയിരുത്തി വിജയകരമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ഇ) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly